# 14

# യെഹോരാം

# എതിരായ ഒരു നടപ്പ്

വേദഭാഗം: 2 രാജാക്കന്മാർ 1:17; 9:26

പലരും തങ്ങളുടെ ജീവിതം നയിക്കുന്നത് "തുടങ്ങി, പക്ഷെ അവസാനിപ്പിച്ചില്ല" എന്ന വാക്കുകളാൽ വിവരിക്കാവുന്നതാണ്. ആളുകൾ വിവിധകാര്യങ്ങളിൽ ചാടിവീഴുകയും, പകുതി വഴിയിലെത്തുമ്പോൾ, "അവസാനി-പ്പിക്കാത്തവർ" എന്ന രീതിയിൽ വിട്ടുപോകുന്നവരാണ് അധികവും.

ആൽപ്സ് മലകൾക്കിടയിലെ കെരാമെർഗോവിലെ, ഒരു ഹോട്ടലിനെ കുറിച്ച് ഡിക്ക് മർസിയെർ ടെക്സാസിലെ അമരിലോ ചർച്ചിന്റെ ഒരു പത്രികയിൽ വിവരിക്കുകയുണ്ടായി. പ്രാഗത്ഭ്യമുള്ള കൊടുമുടികയറ്റക്കാർക്ക് വലിയ ഒരു കൊടുമുടി കയറുന്നതിന്റെ മദ്ധ്യേയുള്ള ഒരു "വിശ്രമ കേന്ദ്രം പോലെ" ആണ് ആ ഹോട്ടൽ. നിർത്തുവാനുള്ള ആ സ്ഥലത്തെ "പകുതി വഴിയിലുള്ള വീട്" എന്നാണ് ആ ഹോട്ടലിന്റെ പേര്. അതിന്റെ നടത്തിപ്പുകാരൻ അതിനെ "അസന്തുഷ്ട സ്ഥലം" എന്നാണ് വിവരിച്ചത്. ആ ഹോട്ടലിന്റെ മാനേജർ എന്ന അദ്ദേഹത്തിന്റെ ജോലി "അസന്തുഷ്ടമായ ജോലി" യുമായിരുന്നു. അയാളുടെ ജോലി അപ്രകാരം പറയുവാനുള്ള കാരണത്തെ കുറിച്ച് ചോദിച്ചപ്പോൾ അയാൾ ഇങ്ങനെ പറഞ്ഞു:

> ഈ പർവ്വതം കയറുവാനായി താൽപര്യത്തോടെ വലിയ പുരുഷാരം കയറിത്തുടങ്ങും. എന്റെ പകുതി വഴിയിലെ വീട്ടിലെത്തുമ്പോഴേക്ക് മിക്കപേരുടേയും താൽപര്യം കുറഞ്ഞുപോകും. അതിന്റെ വിശാലമായ ജനലുകളിൽകൂടെ എന്നപോലെ താഴേക്ക് നോക്കിയാൽ കയറിപ്പോകുമ്പോൾ അവർക്ക് ആവേശത്തോടെയും സന്തോഷത്തോടെയും അവിടെ എത്തുവാനാണ് ഒരു വശത്ത് തോന്നുന്നത്. പക്ഷെ മറുവശത്തുകൂടെ പർവ്വതത്തിന്റെ മുകളിലേക്ക് നോക്കുമ്പോൾ, അവരുടെ എരിവും ആവേശവുമെല്ലാം കെട്ടുപോകും. അവിടെ തീ കായുവാനുള്ള അവസരവും, ആശ്വസിക്കുവാനുള്ള കസേരകളും, നവോന്മേഷത്തിനുള്ള ചൂടുള്ള കാപ്പിയും ലഘുഭക്ഷണവും കാണും. അപ്പോൾ അവർ വിചാരിക്കും കയറിയത് മതി. അവരിൽ പകുതിപ്പേരും പിന്നെ കയറുകയില്ല. തങ്ങൾ ക്ഷീണിച്ചുപോയി, കാലുകളെല്ലാം നനഞ്ഞിരിക്കുന്നു, മഞ്ഞും അധികമാണ് എന്ന് അവർ ഗൈഡിനോട് പറയും.
>
> അവർ വിശ്രമമില്ലാത്തവരാണ്, പക്ഷെ നേരമ്പോക്കുകാരായി. ഇടക്കിടക്ക് അവരിലെ കാന്തികശക്തി, അവർ പർവ്വതം കയറിക്കൊണ്ടിരിക്കുന്നവരെ വലിയ ജനാലകളിൽ കൂടെ നോക്കും. എല്ലാം ശാന്തമായിരിക്കുന്നു. ക്രമേണ "അവർ അതാ മുകളിൽ എത്തി!" എന്ന് ഒരാൾ ആശ്ചര്യപൂർവ്വം പറയും. പിന്നെ ആ സംഘത്തിലുള്ളവരെല്ലാം വിഷാദത്തിലാകും. മല കയറിയവർ അത്യാഹ്ലാദത്തോടെ ചിരിച്ചുകൊണ്ട് വരുമ്പോൾ, പകുതി വഴി ഭവനത്തിൽ ഇരുന്നവർ ദുഃഖാർത്തരായി തീരും.[1]

പകുതിവഴിയിൽ നിർത്തിയ പർവ്വതാരോഹകർ അവരുടെ ആവേശത്തിനും ഉൽസാഹത്തിനും പകരം അവർ നിരുൽസാഹത്തിലും നിരാശയിലും ആയി.

ഓടുന്ന ആളുകൾക്ക് പകുതി വഴിയിലെത്തുമ്പോൾ ആണ് പ്രയാസ മെന്ന് അവർ പറയും. ആദ്യത്തെ ഏതാനും മൈലുകൾ ഓടിത്തുടങ്ങുന്നത് പ്രയാസമുള്ള കാര്യമല്ല, കാരണം അപ്പോൾ അവർക്ക് ഉന്മേഷവും ഊർജ്ജ വുമുണ്ട്. അവസാനത്തെ ഒന്നോ രണ്ടോ മൈലുകൾ പ്രയാസമുണ്ടെങ്കിലും അതു സഹിക്കാവുന്നതാണ്, കാരണം അവരുടെ പരിശ്രമം തീരാറായി എന്ന് അവർക്ക് അറിയാം. ഏറ്റവും കഠിനവും വിരസവുമായി തോന്നുന്നത് പകുതി വഴിയിലെത്തുമ്പോഴാണ്. മദ്ധ്യവഴി, വേദനയും അച്ചടക്കവുമല്ലാതെ മറ്റൊന്നും നൽകുകയില്ല: ആ ഭാഗം നേരിടുവാൻ സഹിഷ്ണുത ആവശ്യമാണ്. ഏതൊരു ഓട്ടക്കാരനും പകുതിവഴിയിലെത്തുമ്പോൾ തന്നെ നിരാശനാക്കി മതിയാക്കു വാൻ അനുവദിക്കുകയില്ല എന്ന് തീരുമാനിക്കണം.

ഒരു പ്രവൃത്തി തുടങ്ങിയവരെ നാം അനുമോദിക്കണം; അസംഖ്യം പേർ തങ്ങളുടെ ഉത്തരവാദിത്വത്തിൽനിന്നു പിൻതിരിയുമ്പോൾ, അവർ ചുരുങ്ങി യത് ജോലി തുടങ്ങുന്നുണ്ടല്ലോ. ഒരിക്കലും തുടങ്ങാതിരിക്കുന്നതാണ് ജീവിത ത്തിലെ ആപത്ത്. യാത്രക്ക് ഒരുങ്ങുന്നത് വലിയ പ്രാധാന്യമുള്ള കാര്യമാണ്. എങ്ങനെയായാലും, ഏതൊരു പ്രവർത്തിയും നിറവേറ്റിക്കഴിയുമ്പോഴാണ് പ്രാധാന്യമേറുന്നത്. ഒരു പ്രവൃത്തി ആരംഭിച്ചിട്ട് അത് പൂർത്തിയാക്കുവാൻ സഹിഷ്ണുത കാണിക്കാത്തവരോട് നമുക്ക് സഹതാപമേ തോന്നു. പകുതി വഴിയിൽ നിർത്തുന്നത് വെറുപ്പിക്കുന്നതാണ്, തീരുന്നതുവരെ ഒരു പ്രവൃത്തി യിൽ തന്നെ മുഴുകുന്നത് നല്ല നായകന്റെ ലക്ഷണമാണ്.

വിട്ടുകളയുന്ന ആളുകളെ മൂന്നായി തരം തിരിക്കാം: ഒന്നാമത്, ചില ആളു കൾ ജോലി ഏറ്റെടുക്കുമ്പോൾ, പൂർത്തിയാക്കുമെന്ന് വാഗ്ദാനം ചെയ്യും, പക്ഷെ പൂർത്തിയാക്കുകയില്ല. ഒരു തീരുമാനം എടുക്കുന്നതിനാൽ, അവർ ഒരു പടി കയറും, എന്നാൽ അവരുടെ വാഗ്ദാനം പാലിക്കുവാൻ, അടുത്ത പടി ഒരിക്കലും കയറുകയില്ല. രണ്ടാമത്, ചിലർ ഏതാനും പടികൾ കയറിയിട്ട് പി ന്നെ വിട്ടുപോകുന്നവരാണ്. അവർ ജനക്കൂട്ടത്തിലെ യാത്രയിൽ ഏതാനും മൈലുകൾ നടന്നിട്ട് മതിയാക്കുന്നവരാണ്. മൂന്നാമത്, പകുതി വഴി കടന്ന് കുറച്ചുകൂടെ നടന്നിട്ട് ക്ഷീണിച്ചു, അവസാനം കാണാതെ മടുത്തുപിൻമാറി പോകുന്നവരാണ്. അവരാണ് ഏറ്റവും ദുഃഖാർത്തരായവർ, കാരണം അവർ ലക്ഷ്യത്തോടടുത്തുവരെ പരിശ്രമിച്ചിട്ടാണ് വിട്ടുപോകുന്നത്.

നമുക്ക് ഒന്നാമത്തെ കൂട്ടരെ നോക്കാം, അവർ ആദ്യപടി കയറിയിട്ട് നട ക്കാതെ പോയവരാണ്. അവർ വാഗ്ദാനം ചെയ്തു, എന്നാൽ പാലിച്ചില്ല. അവർ നീങ്ങിയത് ശരിയായ ദിശയിലാണ്, എന്നാൽ അവർ തുടങ്ങിയതല്ലാതെ മറ്റൊന്നും ചെയ്തില്ല.

യിസ്രായേലിന്റെ ഒമ്പതാമത്തെ രാജാവായിരുന്ന യൊരേബയാം,[2] ഈ അസാധാരണത്വത്തിന് ഉദാഹരണമാണ്. അഹസ്യാവ് മക്കളില്ലാതെ മരിച്ചതിനാ ൽ, ആഹാബിന്റെ രണ്ടാമത്തെ മകനായ യെഹോരാം യിസ്രായേലിന്റെ രാജാ വായി. അഹസ്യാവിന്റെ അകാലചരമത്തെ തുടർന്നു, യെഹോരാം ബി.സി. 852 മുതൽ 841 വരെ, പന്ത്രണ്ടു വർഷം വാണു (2 രാജാക്കന്മാർ 3:1).

## ഒരു സാധാരണ തെറ്റ്

അവസാനം, യിസ്രായേലിലെ ഒരു രാജാവിനെ കുറിച്ച് നല്ല അഭിപ്രായം

വന്നു. അവൻ സത്യത്തോട് ഒരു ചെറിയ പടി അടുത്തു. അവന്റെ അപ്പനായ ആഹാബ് ഉയർത്തിയതായ ഒരു ബിംബത്തെ അവൻ നീക്കം ചെയ്തു. "അത് അത്ര വലിയ കാര്യമൊന്നുമല്ല" എന്നു നിങ്ങൾ പറഞ്ഞേക്കാം, പക്ഷെ അത് ചുരുങ്ങിയത് ഒരു പടി മുന്നോട്ട് നീങ്ങിയതാണ്. അവൻ ദുഷ്ടനായിരുന്നു, പക്ഷെ അവൻ നല്ല ഒരു തുടക്കം കുറിച്ചു.

> അവൻ യഹോവക്ക് അനിഷ്ടമായുള്ളത് ചെയ്തു. അവന്റെ അപ്പനേയും അമ്മയേയും പോലെ അല്ല താനും. അവന്റെ അപ്പൻ ഉണ്ടാക്കിയതായ ബാൽ വിഗ്രഹത്തെ അവൻ നീക്കി കളഞ്ഞു (2 രാജാക്കന്മാർ 3:2).

യെഹോരാം ചെയ്തതിന്റെ വിശദവിവരങ്ങൾ നമ്മോട് പറഞ്ഞിട്ടില്ല, എന്നാൽ ഒരു നിമിഷത്തേക്ക് കാണുന്നത് - എന്തു ചെയ്യേണ്ടിയിരുന്നുവോ - അതിലേക്കാണ് അവൻ ആരംഭമിട്ടത്. അവൻ ശരിയായ ദിശയിൽ തുടർന്നു നടന്നില്ല, പക്ഷെ നവീകരണത്തിലേക്ക് അവൻ കാലെടുത്തു വെച്ചു.

വാസ്തവത്തിൽ ദൈവത്തെ പിൻപറ്റുവാനായിരുന്നില്ല അവൻ വിഗ്രഹത്തെ നീക്കം ചെയ്തത്, പിന്നെയോ രാഷ്ട്രീയ കാരണങ്ങളാലായിരുന്നു, ആളുകളെ സന്തോഷിപ്പിക്കുന്നതിനായിരുന്നു അവൻ അതു ചെയ്തത്. സ്പഷ്ടമായും, ഈസെബേലിന്റെ മതഭ്രാന്തും, ആഹാബ് ബാലിനെ അനുവദിച്ചതും ജനസംഖ്യയിൽ വലിയൊരു വിഭാഗത്തിന്റെ വെറുപ്പ് സമ്പാദിച്ചിരുന്നു. യഹോവയെ ആരാധിക്കുന്നതിനുപകരം ബാലിനെ ആരാധിക്കണമെന്ന സ്ഥിതി അവരുടെ ശക്തി ക്ഷയിപ്പിച്ചിരുന്നു. ദൈവത്തിന്റെ ഏക-മനുഷ്യ സൈന്യമായിരുന്ന ഏലിയാവ് നിമിത്തം ദൈവത്തിന് നന്ദി ചെലുത്താം. പിന്നീട് ബാലിന്റെ പുരോഹിതന്മാരുടെ എണ്ണം കുറയുകയും, യേഹു അവരെ കൊല്ലുവാനായി ബാലിന്റെ ഏക ക്ഷേത്രത്തിലാക്കുകയും ചെയ്തു (2 രാജാക്കന്മാർ 10:18). ഭൂരിഭാഗം ആളുകളും ഇപ്പോൾ യഹോവയെ ആരാധിക്കുന്നതിലേക്ക് മടങ്ങിപ്പോയിരിക്കാമെന്ന് ആ സംഭവം സൂചിപ്പിക്കുന്നു; അല്ലെങ്കിൽ, യേഹുവിന്റെ ആ പരിഷ്ക്കാരം അത്ര എളുപ്പത്തിൽ നടപ്പാക്കുവാൻ സാധ്യമല്ല. ജനങ്ങളുടെ പൊതുവായ അഭിപ്രായം ഇപ്പോൾ ബാലിലല്ല, യഹോവയിലാണെന്ന് കരുതാം. ആ സാഹചര്യത്തിലാണ് ആളുകളെ സന്തോഷിപ്പിക്കുവാൻ യെഹോരാം ബിംബത്തെ നീക്കം ചെയ്തത്, അല്ലാതെ വിശ്വാസം നിമിത്തമായിരുന്നില്ല.

ഒരു സമയത്ത്, ഉത്തമമായ തീരുമാനമെടുത്ത് ജനങ്ങളെ ഇളക്കുമെന്ന് തോന്നുമെന്ന് വരികിലും, പക്ഷെ അവന്റെ ആ തീരുമാനത്തിന് തുടർനടപടികളൊന്നുമുണ്ടായില്ല എന്നു ഖേദപൂർവ്വം പറയേണ്ടി വരും. അവൻ ഒരു ചെറിയ നടപടി മാത്രമാണ് എടുത്തത്; അവൻ നടന്നില്ല. അന്യദേവനെ നമസ്ക്കരിക്കുന്ന വിഗ്രഹത്തെ നീക്കം ചെയ്യുവാൻ അവൻ ശ്രമിച്ചുവെങ്കിലും, അത് നീണ്ടു നിൽക്കാത്ത ചെറിയ ഒരു കാര്യമായിരുന്നു.

അവന്റെ വാഴ്ച്ചക്കാലത്ത്, യെഹോരാം യെഹോശാഫാത്ത് മുഖാന്തരം യെഹൂദ്യയുമായി നല്ലൊരു അടുപ്പമുണ്ടാക്കി. ഒരുപക്ഷെ ആ ബന്ധമായിരിക്കാം അവനെ അപ്പനേക്കാളും, അമ്മയെക്കാളും, സഹോദരനെക്കാളും നല്ലവനാക്കിയത്. നാം കണ്ടതുപോലെ, ആഹാബ് ഉണ്ടാക്കിയ വിഗ്രഹമായിരുന്നു അവൻ നീക്കം ചെയ്തത്, എന്നാൽ ദൈവശ്വാസിയ എഴുത്തുകാരൻ ഉടനെ പറയുന്നത്, യൊരേബയാമിന്റെ പാപങ്ങളെ വിട്ടുമാറാതെ പിടിച്ചിരുന്നു

എന്നാണ് (2 രാജാക്കന്മാർ 3:2, 3). അതുകൊണ്ട് അവൻ വാസ്തവത്തിൽ ദൈവത്തിലേക്ക് തിരിഞ്ഞില്ല.

അവന്റെ ജീവിതത്തിലെ ഒരു ഘട്ടത്തിൽ, തുടങ്ങിയ ചെറിയ നവീകരണം, നമ്മുടെ ജീവിതത്തിൽ സംഭവിക്കുവാനിടയുള്ള ഒരു സാധാരണ തെറ്റിനെ കുറിച്ച് വളരെ സംസാരിക്കുന്നു. വിശുദ്ധ ഫലം പുറപ്പെടുവിക്കാത്ത വെറും അവകാശവാദങ്ങൾ നടത്താതിരിക്കുവാൻ നാം ശ്രദ്ധിക്കണം. അതിനവസരം കണ്ടെത്താതെ പ്രതിജ്ഞയെടുക്കുവാൻ നമുക്ക് സാധ്യമല്ല.

### ആപൽക്കരമായ ഫലം

ദൈവഭക്തിയുള്ള ജീവിതം നയിക്കുവാൻ ഒരാൾ തീരുമാനിച്ചിട്ട് ജീവിക്കാതിരുന്നാൽ, പഴയ കാർ പോലെ ഒരിടത്തും എത്തുകയില്ല. നിങ്ങൾ താക്കോലിട്ടു തിരിക്കുമ്പോൾ, പൊട്ടലും, ചീറ്റലുമായി, നിന്നുപോകും; അത് ഒരിക്കലും റോഡിലേക്ക് നീങ്ങുകയില്ല. അത് സമയം കളയുന്ന, തലവേദനയായിരിക്കും, അല്ലാതെ യാത്രക്ക് ഉപകരിക്കുകയില്ല.

ജീവിതത്തിൽ ഒരിക്കലും ഫലം പുറപ്പെടുവിക്കാതിരിക്കുന്ന വലിയ തെറ്റിന്റെ മൂന്നു കാരണങ്ങൾ യെഹോരാം ചിത്രീകരിക്കുന്നു. ഒരു തീരുമാനം എടുത്തിട്ട്, ഒരിക്കലും നടക്കാതിരുന്നാൽ, അങ്ങനെയുള്ള ജീവിതം ഭയങ്കര പരാജയമായിരിക്കും.

### മനുഷ്യനാൽ അനുമോദിക്കപ്പെടാതിരുന്നു

ആദ്യമായി, അവൻ നീതിയുള്ള ജീവിതം നയിക്കാതിരുന്നതിനാൽ, യെഹോരാമിനെ മനുഷ്യർ ബഹുമാനിച്ചില്ല. അവനുചുറ്റുമുള്ളവർ അവനെ, ഒരു നട്ടെല്ലില്ലാത്ത ഭീരുവായും പരാജിതനായുമാണ് കണ്ടത്, അല്ലാതെ ജീവിതത്തിലെ പ്രതിസന്ധി തരണം ചെയ്യുന്നവനായിട്ടല്ല. 2 രാജാക്കന്മാർ 3-ൽ പ്രവാചകനായിരുന്ന ഏലീശ പോലും അവനെ അംഗികരിച്ചില്ല എന്നത് ശ്രദ്ധിക്കുക.

അഹസ്യാവ് രാജവാഴ്ച്ച ആരംഭിച്ചപ്പോൾ മോവാബ്യർ, യിസ്രായേലിന് കീഴ്പ്പെട്ടിരിക്കുന്നതിനെ പ്രതിഷേധിച്ച് ലഹള ആരംഭിച്ചു. അഹസ്യാവ് ശക്തിയില്ലാത്തവനും, ദുഷ്ടനുമായ രാജാവാകയാൽ, അഹസ്യാവിന് അതിനെ സംബന്ധിച്ച് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല (2 രാജാക്കന്മാർ 3:4, 5). മോവാബ്യർ കപ്പം കൊടുക്കാതിരുന്നത് നേരിടേണ്ടി വന്ന ആദ്യ രാജാവായിരിക്കാം യെഹോരാം, കാരണം അഹസ്യാവ് രണ്ടു വർഷത്തിൽ താഴെ മാത്രമാണ് വാണത്. മോവാബ്യരെ തന്റെ അധീനത്തിലേക്ക് കൊണ്ടുവരുവാനായിരുന്നു അവൻ ഉടനെ എടുത്ത തീരുമാനം. സഹായം ആവശ്യമായി വന്നതിനാൽ, അവൻ യെഹൂദ്യയുടെ കുടിയാനായിരുന്ന, ഏദോൻ രാജാവിന്റേയും, അവന്റെ അപ്പന്റെ സുഹൃത്തായിരുന്ന യെഹോശാഫാത്തിന്റേയും സഹായം അഭ്യർത്ഥിച്ചു (2 രാജാക്കന്മാർ 3:7, 8). രണ്ടു രാജാക്കന്മാരും സഹായിക്കാമെന്നേറ്റു, ഒരുമിച്ചു യുദ്ധം ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. തെക്കുനിന്നു മോവാബ്യയിലേക്ക്, ചാവുകടലിന്റെ തെക്കുഭാഗം ചുറ്റി, സുദീർഘമായ പാതയിലൂടെ മോവാബ്യർക്കെതിരെ യുദ്ധത്തിന് പോയി.

ഏഴു-ദിവസത്തെ യാത്രയിൽ കുടിവെള്ളം തീർന്നുപോയി (2 രാജാക്കന്മാർ 3:9, 10). വരൾച്ച കാരണം അവർ പോയ വഴിയിലെ നീരുറവകളെല്ലാം വറ്റിപോയിരുന്നു, അതുകൊണ്ട് അവർ വെള്ളത്തിനായി ഉഴന്നു നടന്നു. അവരെ ഈ ആവശ്യത്തിൽ നയിക്കുവാൻ അടുത്ത് പ്രവാചകന്മാരുണ്ടോ എന്ന്

യെഹോശാഫാത്ത് ചോദിച്ചു, അവരുടെ പാളയത്തിനടുത്ത് ഏലീശാ ഉണ്ടെന്നറിഞ്ഞു, ശുപാർശ ചെയ്തു (2 രാജാക്കന്മാർ 3:11). മൂന്നു രാജാക്കന്മാരും ചേർന്ന് ഏലീശയുടെ അടുത്ത് ചെന്ന് സഹായം അഭ്യർത്ഥിച്ചു. നിരാശാസമയത്ത് രാജാക്കന്മാർ പോലും യാചകരായി തീരും. മൂന്നുരാജാക്കന്മാരേയും പ്രതിനിധീകരിച്ച് യെഹോരാം ഏലീശയോട് സഹായം അഭ്യർത്ഥിച്ചു. രാജാവിനെ ഭീഷണിപ്പെടുത്താതെ, യെഹോരാമിനെ തന്റെ സ്ഥാനത്താക്കി:

> ഏലീശാ യിസ്രായേൽ രാജാവിനോട്, "എനിക്കും നിനക്കും തമ്മിൽ എന്ത്? നീ നിന്റെ അപ്പന്റെ പ്രവാചകന്മാരുടെ അടുക്കലും നിന്റെ അമ്മയുടെ പ്രവാചകന്മാരുടെ അടുക്കലും ചെല്ലുക" എന്നു പറഞ്ഞു. അതിന് യിസ്രായേൽ രാജാവ് അവനോട്, അങ്ങനെയല്ല, ഈ മൂന്നു രാജാക്കന്മാരെയും മോവാബ്യരുടെ കയ്യിൽ ഏൽപിക്കേണ്ടതിന്നു യഹോവ അവരെ വിളിച്ചു വരുത്തിയിരിക്കുന്നു എന്നു പറഞ്ഞു. അതിന്നു ഏലീശാ, ഞാൻ സേവിച്ചുനിൽക്കുന്ന സൈന്യങ്ങളുടെ ദൈവമായ യഹോവയാണെ, യെഹൂദാരാജാവായ യെഹോശാഫാത്തിന്റെ മുഖം ഞാൻ ആദരിച്ചില്ല എങ്കിൽ ഞാൻ നിന്നെ നോക്കുകയോ കടാക്ഷിക്കുകയോ ഇല്ലായിരുന്നു" (2 രാജാക്കന്മാർ 3:13, 14).

യെഹോരാമിനോട് ആത്മിയകാര്യങ്ങൾ സംസാരിക്കുന്നത് ദുഷ്ക്കരസംഘത്തിൽപെട്ട ഒരാളോട് സത്യസന്ധതയെ കുറിച്ചു സംസാരിക്കുന്നതുപോലെ, ഒരു ഹോളിവുഡ് നടിയോട് മാന്യതയെ കുറിച്ചു സംസാരിക്കുന്നതുപോലെയോ ആണെന്ന് ഏലിശാക്ക് അറിയാമായിരുന്നു. യെഹോരാം ഇപ്പോൾ പ്രതിസന്ധി നിമിത്തമാണ് യഹോവയെ കുറിച്ചു സംസാരിക്കുന്നത് എന്ന് അവന് അറിയാമായിരുന്നു, അല്ലാതെ വിശ്വാസവും സമർപ്പണവും നിമിത്തം ആയിരുന്നില്ല. അതുകൊണ്ട് യെഹോശാഫാത്ത് നിമിത്തം അവൻ യഹോവയെ സമീപിക്കുവാൻ തീരുമാനിച്ചു, യെഹോശാഫാത്ത് നിമിത്തം യിസ്രായേലിന് വിജയം നൽകുവാനും ദൈവം തീരുമാനിച്ചു. താഴ്വരയെല്ലാം കുഴികൾ കുഴിക്കുവാൻ അവരോട് പറഞ്ഞു. അവരുടെ കാഴ്ച്ചക്കപ്പുറം, വെള്ളം നൽകുമെന്ന് ദൈവം അവരോട് പറഞ്ഞു (2 രാജാക്കന്മാർ 3:16–19). അടുത്ത പ്രഭാതത്തിൽ ആ കുഴികളിലെല്ലാം വെള്ളം നിറഞ്ഞു (2 രാജാക്കന്മാർ 3:20).[3]

അടുത്ത പ്രഭാതത്തിൽ മോവാബ്യർ യുദ്ധം ചെയ്യുവാനായി വന്നപ്പോൾ,സൂര്യപ്രകാശം വെള്ളത്തിൽ പതിച്ചപ്പോൾ വെള്ളം രക്തംപോലെ തോന്നി, തുടർന്ന് വലിയ പോരാട്ടം നടന്നു (2 രാജാക്കന്മാർ 3:22). ആ മൂന്നു രാജാക്കന്മാരും പരസ്പരം പോരാടി മരിച്ചതിനാൽ രക്തം തളം കെട്ടി കിടക്കകുന്നതായിരിക്കുമെന്ന് മോവാബ്യർ വിചാരിച്ചു (2 രാജാക്കന്മാർ 3:23). അങ്ങനെ അവർ യുദ്ധത്തിൽ കേടുവന്നതിനെയെല്ലാം ശേഖരിക്കുവാനായി പാളയത്തിലേക്ക് ചെന്നു. സംശയിക്കാതിരുന്ന മോവാബ്യരെ ആ മൂന്നു രാജാക്കന്മാരുടേയും പടയാളികൾ വെട്ടിക്കൊന്നു, അവരെ പൂർണ്ണമായും പരാജയപ്പെടുത്തി. പ്രവചിച്ചിരുന്നതുപോലെ തന്നെ അവർ മോവാബ്യരെയും അവരുടെ ടൗണുകളെയും പിടിച്ചടക്കി മുന്നേറി (2 രാജാക്കന്മാർ 3:25). അവസാനം അവർ മോവാബ്യരാജാവായിരുന്ന മേശയെ കിർ-ഹരേശെത്തിൽ വെച്ച് അവനെ കൊല്ലേണ്ടതിന്ന് വളഞ്ഞു (2 രാജാക്കന്മാർ 3:25, 26).

കടുത്ത നിരാശയിലായപ്പോൾ, മേശാ തന്റെ മൂത്ത മകനെ ഒരു മതിലിൽ

എല്ലാവരും കാൺകെ യാഗം അർപ്പിക്കുവാൻ തയ്യാറായി (2 രാജാക്കന്മാർ 3:27). ആ നിന്ദ്യമായ യാഗപ്രവൃത്തി കാണുമ്പോൾ, യിസ്രായേലിന് മറ്റൊന്നും ചെയ്യുവാൻ കഴിയാത്തവിധം അവരുടെയും യെഹൂദ്യരുടേയും സൈന്യത്തിന്റെ മനോവീര്യം കെടുക്കും എന്ന് അവർ ചിന്തിച്ചിരിക്കാം. ഏദോമ്യരും, യിസ്രായേല്യരും അവരെ തനിച്ചാക്കിയിട്ടു വിട്ടിട്ടുപോയി.[4]

ദൈവത്തിന്റേയും ഏലീശായുടേയും സഹായത്താൽ മൂന്നു സൈന്യങ്ങൾക്കും മോവാബ്യരെ തോൽപിക്കുവാൻ കഴിഞ്ഞു (2 രാജാക്കന്മാർ 3:4–27), എന്നാൽ മോവാബ്യരെ കീഴടക്കുവാൻ കഴിഞ്ഞില്ല. അവരെ ഉന്മൂലനാശത്തിനടുത്തെത്തിയ രീതിയിൽ "അവരുടെ പരാജയത്തിൽ അടങ്ങിയിരിപ്പാൻ" വിട്ടിട്ടുപോയി.

യുദ്ധത്തിനു മുൻപ് ഏലീശാ യെഹോരാമിനോട് പെരുമാറിയ രീതി സൂചിപ്പിക്കുന്നത് യഹോവയുടെ സന്നിധിയിൽ യെഹോരാം കഴിവ് കുറഞ്ഞ ഒഴികഴിവില്ലാത്ത രാജാവായിട്ടാണ് കാണപ്പെട്ടത്. പ്രവാചകൻ അവന്റെ ഹൃദയത്തെ എക്സ്-റേയിലൂടെ കണ്ടു, അവൻ ആരായിരുന്നു എന്ന് വെളിപ്പെട്ടു കിട്ടുകയും ചെയ്തു – ആവശ്യം വരുമ്പോൾ മാത്രം ദൈവത്തെ വിളിക്കുന്ന ഒരു നായകൻ, ദൈവം നിർദ്ദേശിച്ചതുപോലെ ഒരിക്കലും നടക്കുവാൻ ആഗ്രഹിക്കാത്തവൻ. മറ്റനേകം ആളുകളെ പോലെ, അവൻ ദൈവജനത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കുവാൻ ആഗ്രഹിച്ചു, പക്ഷെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തിരുന്നില്ല. യെഹോരാമിന്, പ്രവാചകൻ എന്നു പറയുന്നത്, യുദ്ധത്തിലെ ഭൂതം പോലെ ആയിരുന്നു – ആഗ്രഹങ്ങളെ ഭോഗാസക്തമാക്കുന്ന ദാസൻ – അല്ലാതെ ദൈവഭക്തിയുള്ള ജീവിതം നയിക്കുന്നതിനുള്ള സഹായി ആയിട്ടല്ല.

### സത്യത്താൽ ബാധിതനാകാതെ

രണ്ടാമത്, സത്യത്തോട് പ്രതികരിക്കാതിരുന്നതാണ്, യെഹോരാം മുഴുവൻ വഴിയും നടക്കുന്നതിനുപകരം പകുതി വഴിയിലവസാനിപ്പിച്ചതിന്റെ അപകടം. യെഹോരാമിന്റെ ഏക അനുഗ്രഹമെന്നത് അവന്റെ വാഴ്ച്ചക്കാലമാണ്. ഏലീശാ പ്രവാചകന്റെ ശുശ്രൂഷ ഔന്നത്യത്തിലെത്തി നിൽക്കുമ്പോഴായിരുന്നു അവന്റെ വാഴ്ച്ച. ദൈവം ഏലീശയിൽ കൂടെ ചെയ്ത ചില അത്ഭുതങ്ങളുടെ ഫലങ്ങൾ അവൻ അനുഭവിച്ചിരുന്നു.

ഏലീശായുടെ കാലത്തെ അത്ഭുതങ്ങൾ കാണുകയും അവന്റെ സന്ദേശങ്ങൾ കേൾക്കുകയും  ചെയ്ത ഒരാൾ പൂർണ്ണമായും ദൈവത്തിലേക്ക് തിരിയുമെന്ന് നാം വിചാരിച്ചേക്കാം, എന്നാൽ യെഹോരാം ഒരിക്കലും അത്തരം സമർപ്പണം എടുത്തില്ല. ദൈവത്തിന്റെ അത്ഭുതകരമായ പ്രവൃത്തികൾ അവൻ കാണുകയും കേൾക്കുകയും ചെയ്തിരുന്നു; എങ്കിലും അവൻ ദൈവത്തിനു പൂർണ്ണമായി കീഴ്പ്പെടുവാൻ തയ്യാറായില്ല.

ഉദാഹരണമായി, യിസ്രായേലിനെതിരായി യുദ്ധത്തിനു വരുവാനിരിക്കുന്ന അരാമിന്റെ പദ്ധതികളെ കുറിച്ചുള്ള വെളിപ്പാടുകൾ ഏലീശയിൽനിന്ന് യെഹോരാമിന്ന് ലഭിച്ചിരുന്നു (2 രാജാക്കന്മാർ 6:10). അരാമിനെ ജയിക്കുവാൻ ആ വിവരങ്ങളും യെഹോരാമിനെ സഹായിച്ചിട്ടുണ്ട്.

> അനന്തരം അരാംരാജാവിന്ന് യിസ്രായേലിനോട് യുദ്ധം ഉണ്ടായി, ഇന്നിന്ന സ്ഥലത്ത് പാളയം ഇറങ്ങേണം എന്നിങ്ങനെ അവൻ തന്റെ ഭൃത്യന്മാരുമായി ആലോചന കഴിച്ചു. എന്നാൽ ദൈവപുരുഷൻ യിസ്രാ

യേൽ രാജാവിനോട്, ഇന്ന സ്ഥലത്തുകൂടി കടക്കാതിരിപ്പാൻ സൂക്ഷിക്ക. അരാമ്യർ അവിടേക്ക് വരുന്നുണ്ട് എന്നു പറയിച്ചു. ദൈവപുരുഷൻ പറഞ്ഞും പ്രബോധിപ്പിച്ചും ഇരുന്ന സ്ഥലത്തേക്ക് യിസ്രായേൽരാജാവ് ആളയച്ചു. അങ്ങനെ അവൻ ഒരു പ്രാവശ്യമല്ല, രണ്ടു പ്രാവശ്യവുമല്ല തന്നെത്താൻ രക്ഷിച്ചത് (2 രാജാക്കന്മാർ 6:8-10).

ഏലീശാ മുഖാന്തരമുള്ള ദൈവത്തിന്റെ കൃപയും നടത്തിപ്പും പ്രകടമായി കണ്ടതിനാൽ യെഹോരാം അനുസരണമുള്ള മനോഭാവത്തിലേക്കും വിശ്വസ്ത ജീവിതത്തിലേക്കും തിരിയണമായിരുന്നു. എങ്കിലും, യെഹോരാം സ്പഷ്ടമായും, മാറ്റം വരാത്ത രാജാവായി തന്നെ തുടർന്നു.[5]

വിഭജിക്കപ്പെട്ട ഹൃദയത്തെ പലപ്പോഴും തെളിവുകൾ ബാധിക്കുകയില്ല. അരമനസുള്ള മനുഷ്യൻ സത്യത്തോട് പ്രതിരോധശക്തിയുള്ളവനായിരിക്കും. ലോകത്തുള്ള എല്ലാ തെളിവുകളും നിരത്തിയാലും സ്വീകരിക്കാത്ത വിധത്തിൽ, അയാളുടെ മനസിനെ അയാൾ പാകപ്പെടുത്തിയിരിക്കും.

ഒരാളുടെ ശരീരത്തിൽ പെൻസിലീന്റെ അളവ് കൂടിയാൽ പിന്നെ അതിനെ പ്രതിരോധിച്ചുകൊണ്ടിരിക്കും. ആവശ്യമില്ലാത്ത സമയത്ത് മരുന്നുകഴിച്ചതിനാൽ, അയാളുടെ ശരീരം അതിന് അടിപ്പെടും; പിന്നെ, അയാൾക്ക് രോഗം വരുമ്പോൾ, അത് കഴിച്ചാലും ഗുണം ചെയ്യുകയില്ല. യെഹോരാം തനിക്ക് ലഭിച്ച തെളിവുകളെല്ലാം പ്രതിരോധിച്ചുകാണും.

അനവധി വർഷങ്ങൾക്ക് മുൻപ്, ഫ്ളോറിഡയിലെ മിയാമിയിൽ സംഭവിച്ച ഒരു സംഭവം യെഹോരാമിനു സംഭവിച്ചതു ചിത്രീകരിച്ചാലെന്തായിരിക്കും സ്ഥിതി. സർപ്പങ്ങളെ വളർത്തി പരിശോധന നടത്തിയിരുന്ന ഒരാളെ വലിയ രാജവെമ്പാല കടിച്ചതിനാൽ, വടക്കെ അമേരിക്കയിലെ ഒരു ആസ്പത്രിയിലേക്ക് പെട്ടെന്ന് കൊണ്ടുപോയി, അവിടെ അയാളെ മിനിറ്റുകൾക്കകം പരിശോധിച്ചു. എങ്ങനെയായാലും, എല്ലാവരെയും അതിശയിപ്പിച്ചുകൊണ്ട്, അയാൾ മരിച്ചില്ല. അയാൾ സുഖം പ്രാപിച്ചു. ആ പാമ്പുവളർത്തൽ കേന്ദ്രത്തിൽ വെച്ച് കുറഞ്ഞ വിഷമുള്ള പാമ്പുകൾ പല പ്രാവശ്യം അയാളെ കടിച്ചിരുന്നതിനാൽ, രാജവെമ്പാല കടിച്ച വിഷത്തെ പ്രതിരോധിക്കത്തക്കവണ്ണം വിഷം അയാളിലുണ്ടായിരുന്നു എന്ന വിശദീകരണമാണ് വൈദ്യശാസ്ത്രം നൽകിയത്.[6]

ആത്മിയമായി നമ്മിൽ ഇതുപോലെ സംഭവിക്കുവാൻ സാധ്യതയുണ്ട്. നാം ദൈവത്തിന്റെ സത്യത്തെ അഭിമുഖീകരിച്ചിട്ട്, അതിനെ അവഗണിച്ചാൽ, കാലക്രമേണ നാം ആ തെളിവുകളെ നിഷേധിച്ചുകളയും. യെഹോരാം ഒരുപക്ഷെ അങ്ങനെ ആയിക്കാണും.

## ദൈവം അംഗീകരിച്ചില്ല

മൂന്നാമത്, ദൈവം അംഗീകരിക്കാതിരുന്നതാണ് യെഹോരാമിന്റെ സമർപ്പിക്കപ്പെട്ട ജീവിതത്തിൽ തുടരാതിരുന്ന വലിയ തെറ്റ് സൂചിപ്പിക്കുന്നത്. ദൈവജനത്തിന്റെ രാജാവ് എന്ന നിലയിൽ യെഹോരാം പരാജയമായിരുന്നു എന്നു തെളിയിക്കുന്നതായിരുന്നു ദൈവത്തിന്റെ ന്യായവിധി അവന്മേൽ വന്നത്. യെഹോരാം തന്റെ ദുഷ്ടത വിട്ട് മാനസാന്തരപ്പെട്ടിരുന്നെങ്കിൽ, അവന്റെ ന്യായവിധി ദൈവം മറ്റൊരവസരത്തിലേക്ക് മാറ്റി വെക്കുമായിരുന്നു. എങ്ങനെയായാലും, ദൈവത്തിന്റെ ന്യായവിധി ആഹാബ് ഗൃഹത്തിൽ അവസാനമായി വന്നത് യെഹോരാമിലായിരുന്നു.

യേഹുവിനെ രാജാവായി അഭിഷേകം ചെയ്യുവാൻ ഏലീശാ പ്രവാചക ന്മാരിൽ ഒരാളുടെ മകനെ എണ്ണയും കൊമ്പുമായി അയച്ചു (2 രാജാക്കന്മാർ 9:1). ആഹാബ് ഗൃഹത്തിന് അവസാനം വരുത്തുവാൻ യുവപ്രവാചകൻ യേഹൂവിന്റെ തലയിൽ എണ്ണ ഒഴിച്ച് അഭിഷേകം ചെയ്തു (2 രാജാക്കന്മാർ 9:3). ഈസെബേലിന്റെ കുലപാതക പ്രവൃത്തി കാരണം, നാബോത്തിന്റെ തോട്ടത്തിനരികിൽവെച്ച് ഈസെബേലിന്റെ മാംസം നായ്ക്കൾ ഭക്ഷിക്കു മെന്ന് ഏലിയാവ് പ്രവചിച്ചിരുന്നു (1 രാജാക്കന്മാർ 21:17-24). ആ പ്രവചനം നി റവേറുവാൻ സമയമായി.

ഇപ്പോൾ, യിസ്രായേലിന്റെ രാജാവായ യേഹുവിനെ ദൈവം യുദ്ധത്തിൽ മുറിവേറ്റ് സുഖം പ്രാപിച്ചുവരുന്ന യെഹോരാമിന്റെ അടുക്കലേക്ക് അയച്ചു (2 രാജാക്കന്മാർ 9:14-16). ഒരു കുതിരസവാരി സംഘം തന്റെ അടുക്കലേക്കു വരുന്നുവെന്നല്ലാതെ, ആരാണ് വരുന്നതെന്ന് യെഹോരാമിനോട് പറഞ്ഞില്ല (2 രാജാക്കന്മാർ 9:17-20). നിശ്ചയമില്ലാത്ത പടയാളികളെ നയിച്ചുകൊണ്ടിരു ന്നത് ആരാണെന്നറിയുവാൻ ഓരോ സന്ദേശവാഹകരെ അയച്ചുവെങ്കിലും വിവരം ലഭിക്കായ്കയാൽ, എന്താണ് സംഭവിക്കുന്നതെന്നറിയുവാൻ, യെഹോ രാമും, തന്നെ കാണുവാൻ വന്ന അഹസ്യാവും പുറത്തു ചെന്നു നോക്കി (2 രാജാക്കന്മാർ 9:21, 22). അവർ അടുത്തു ചെന്നപ്പോൾ, വരുന്നതു യേഹു ആണെന്ന് യെഹോരാം തിരിച്ചറിഞ്ഞു. യേഹു രാജ്യദ്രോഹത്തിലേർപ്പെട്ടി രിക്കുന്നു എന്ന് അവൻ പ്രഖ്യാപിച്ചു. അവൻ യിസ്രെയേലിലേക്ക് വന്നത് ഈസെബേൽ രാജ്ഞിയെ കൊല്ലുവാനായിരുന്നു.

“രാജ്യദ്രോഹം!” എന്ന് യെഹോരാം ഉച്ചത്തിൽ നിലവിളിച്ചു തന്റെ രഥം തിരിച്ചുവിട്ടു. അവൻ യിസ്രെയേലിന്റെ സുരക്ഷിത മതിലിനകത്തേക്ക് പെട്ടെന്ന് പോയി. ഉന്നമുള്ളവൻ യേഹുവിന്റെ കൂടെ വർഷങ്ങളായി ഉണ്ടായിരുന്നവൻ, തന്റെ അമ്പെടുത്ത് യെഹോരാമിന്റെ നേർക്ക് എയ്തു (2 രാജാക്കന്മാർ 9:24). അമ്പ് അവന്റെ ഹൃദയത്തിൽ തറെക്കുകയും, അവൻ രഥത്തിൽ ചുരുണ്ടുവീഴുകയും, മരിക്കുകയും ചെയ്തു. അവന്റെ ശരീരം എടുത്ത് നാ ബോത്തിന്റെ നിലത്തിൽ എറിഞ്ഞു കളഞ്ഞു (2 രാജാക്കന്മാർ 9:24-26), അത് ദൈവന്യായവിധിയുടെ നിറവേറലായിരുന്നു. അഹസ്യാവിനും യേഹുവിനാൽ മുറിവേൽക്കപ്പെടുകയും (2 രാജാക്കന്മാർ 9:27), അവൻ മെഗിദ്ദോയിലേക്ക് ഓടിപ്പോയി എങ്കിലും, അവിടെനിന്നു യേഹുവിന്റെ പടയാളികൾ അവനെ പി ടിച്ചു ശമര്യയിലേക്ക് കൊണ്ടുവന്നു കൊല്ലുകയും ചെയ്തു (2 രാജാക്കന്മാർ 9:27, 28; 2 ദിനവൃത്താന്തം 22:7-9). യേഹു യിസ്രെയേൽ പട്ടണത്തിൽ ചെന്ന് ഈസെബേലിനെ കൊന്നു, അങ്ങനെ ആഹാബ്ഗൃഹത്തിന് അവസാനം വരു ത്തി (2 രാജാക്കന്മാർ 9:30-33).

യെഹോരാമിന്റെ ജീവിതാവസാനം തെളിയിക്കുന്നത്, അവൻ ദൈവപു രുഷനായിരുന്ന ഏലീശയെ പോലുള്ളവരെ നിന്ദിക്കുകയും ദൈവം അതിന് അവനെ ശിക്ഷിക്കുകയും ചെയ്തു എന്നാണ്. ആത്മിയ ഭീരുവിനെ ദൈവവും മനുഷ്യനും തള്ളിക്കളയും. ഒരു കാപട്യക്കാരനു പോലും മറ്റൊരു കാപട്യക്കാ രനെ ഇഷ്ടമല്ല. വിശ്വാസത്തിന്റെ അനന്തര നടപടിയായി ദൈവഭക്തിക്കായി ത്യാഗവും, സേവനവും ഉണ്ടാകണം. അല്ലെങ്കിൽ, അതു വെറും വാഗ്ദാനമാ യും, സ്വർഗത്തിനും ഭൂമിക്കും പ്രയോജനമില്ലാത്തതുമാകുന്നു.

## ആനുകാലിക പ്രായോഗികത

ഒരു ചെറിയ പടി മാത്രം സ്വീകരിച്ച യെഹോരാമിന്റെ തെറ്റിൽനിന്നു നമുക്ക് ആനുകാലിക പ്രായോഗികത വരുത്തുവാൻ "എന്തുകൊണ്ടാണ് യെഹോരാം അങ്ങനെ ചെയ്തത്? അവൻ എന്തുകൊണ്ട് മതപരമായ കാര്യങ്ങളെ ശരിയാക്കുന്ന ഒരു രാജാവായി പ്രവർത്തിച്ചില്ല? എന്തുകൊണ്ട് അവൻ ദൈവത്തോടുകൂടി നടന്നില്ല?" എന്നീ ചോദ്യങ്ങൾ ചോദിക്കാം. നമുക്ക് തീർച്ചയില്ല, എന്നാൽ ഇതു നമുക്ക് അറിയാം: യെഹോരാം ദൈവത്തോടു കൂടി നടക്കുവാൻ ആവശ്യമായ പടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ - അവന് ദൈവം ആഗ്രഹിച്ച ഏകവഴിയിൽ മാത്രം നടക്കുവാൻ അവൻ തീരുമാനിച്ചിരുന്നുവെങ്കിൽ-അവന് മൂന്നു തടസങ്ങൾ തരണം ചെയ്യേണ്ടി വരുമായിരുന്നു.

ഒന്നാമത്, അവൻ *പാരമ്പര്യത്തിന്റെ പ്രശ്നം* നേരിടുമായിരുന്നു. ദേശത്തെ പൂർണ്ണമായി പരിഷ്ക്കരിക്കുവാൻ, അവന് ദാനിലേയും ബേഥേലിലേയും കാളക്കുട്ടികളെ നീക്കം ചെയ്യേണ്ടിയിരുന്നു. അത്തരം ഒരു പൂർണ്ണമായ ശുദ്ധീകരണം വടക്കേ രാജ്യത്തിലെ മുൻ രാജാക്കന്മാരാരും ചെയ്തിരുന്നില്ല. ഒരു ദേശിയ ചിഹ്നമായി കാണത്തക്കവണ്ണം പൊന്നുകൊണ്ടുള്ള കാളക്കുട്ടികൾ യിസ്രായേലിന്റെ ഭാഗമായി മാറിയിരുന്നു. ആ പത്തു ഗോത്രങ്ങൾ യെഹൂദയിൽനിന്നും ബെന്യാമീനിൽനിന്നും പിരിഞ്ഞപ്പോൾ മുതൽ തുടങ്ങിയതാണ് അത്തരം ആരാധനാ സമ്പ്രദായം. അതെല്ലാം ഉടെച്ചുകളയുവാൻ ദാനിയേലിനെ പോലെയുള്ള ധൈര്യം ആവശ്യമായിരുന്നു. വിഗ്രഹാരാധന ആളുകൾ സ്വീകരിക്കുകയും അവരുടെ ചിന്തയിൽ അത് അലിഞ്ഞുചേരുകയും ചെയ്തിരുന്നു. പൊന്നുകൊണ്ടുള്ള കാളക്കുട്ടികളെ തച്ചുടക്കുക എന്നത് ഏതാണ്ട് യിസ്രായേലിന്റെ വിശ്വാസത്തെയും പരിശീലനത്തെയും നീക്കം ചെയ്യുന്നതിനും തുല്യമായിരുന്നു. അത് ഒരു ദേശത്തിനു മുഴുവൻ എതിരായി ഒരാൾ മാറുന്നതുപോലെയാണ്. അങ്ങനെ ചെയ്യുവാൻ രാജാവിന് അസാമാന്യ ധൈര്യവും, വീക്ഷണവും, നിർണ്ണയവും ആവശ്യമായിരുന്നു. അത്തരം ദൃഢ വിശ്വാസവും ധൈര്യവും യെഹോരാമിന് ഇല്ലായിരുന്നു.

രണ്ടാമത്, *രാജ്ഞിയുടെ സ്വാധീന പ്രശ്നവും* അവന് നേരിടേണ്ടി വരുമായിരുന്നു. തീർച്ചയായും, ദേശത്തുനിന്നു എല്ലാ ബാൽവിഗ്രഹങ്ങളേയും തുടച്ചു മാറ്റുവാൻ ഒരു പൂർണ്ണമായ പരിഷ്ക്കാരം വേണ്ടിയിരുന്നു. ഓർമ്മിക്കുക, രാജാവിന്റെ അമ്മ ഈസെബേൽ അപ്പോഴും ജീവിച്ചിരിക്കുന്നു. അവളെ ഏതാണ്ട് നിയന്ത്രണത്തിൽ കൊണ്ടുവന്നിരിക്കാം; എന്നാൽ അവളുടെ സ്വഭാവം അനുസരിച്ച് യിസ്രായേലിലെ എല്ലാ ബാൽ വിഗ്രഹങ്ങളേയും നീക്കുന്നത് അവൾക്ക് സഹിക്കാവുന്നതായിരിക്കയില്ല. യെഹോരാമിന്റെ അമ്മയും, രാജ്ഞിയുമാകയാൽ അവൾക്ക് അവന്റെ മേൽ പ്രകടമായ സ്വാധീനം ഉണ്ടായിരുന്നു. യെഹോരാം ബാലിനെ ശരിയായി കൈകാര്യം ചെയ്തിരുന്നുവെങ്കിൽ അവന്റെ കുടുംബത്തിൽ എന്തു കോളിളക്കം ഉണ്ടാകുമായിരുന്നു എന്ന് നിങ്ങൾക്ക് ഊഹിക്കാമോ? ഈസെബേൽ അവന്റെ ജീവിതത്തെ കുഴപ്പത്തിലാക്കുമായിരുന്നു.

മൂന്നാമത്, വിസ്തൃതമായ നവീകരണം *ജനങ്ങൾക്കിടയിൽ ഉത്ഭവിക്കുന്ന കലക്കവും* അവനു നേരിടേണ്ടി വരുമായിരുന്നു. മാനസാന്തരത്തിലും, നവോത്ഥാനത്തിലും പെട്ടെന്ന് ഉൾപ്പെടുന്നത് ആളുകളെ "അസ്വസ്ഥരാക്കും." ആളുകളുടെ ഹൃദയങ്ങളിൽനിന്ന് എല്ലാ മനുഷ്യനിർമ്മിത മതങ്ങളും ഒറ്റയടിക്ക് നീക്കം ചെയ്യുവാൻ ദൈവത്തിന് പൂർണ്ണമായ കീഴ്പ്പെടൽ അനിവാ

ര്യമായിരുന്നു. ആ ആത്മിയ വിപ്ലവത്തിന് ദേശം മുഴുവനുമുള്ള വീടുകൾ ശുദ്ധമാക്കേണ്ടിയിരുന്നു. പിശാച് ഒരുപക്ഷെ അത്തരം ശ്രമത്തെ തീവ്രമായ അക്രമത്താൽ നേരിടുമായിരുന്നു.

യെഹോരാമിന്, അത്തരം പ്രയാസങ്ങൾ ഉയർന്നതും ഉപേക്ഷിക്കേണ്ടതുമാണെന്ന് തോന്നിയിരിക്കും. അവയെല്ലാം കടക്കുവാൻ പൂർണ്ണമായ സമർപ്പണവും ദൈവത്തോടു പറ്റിച്ചേരലും വേണം. അത്തരം ചിന്തകൾ യെഹോരാമിനെ പൂർണ്ണ നവോത്ഥാനത്തിൽനിന്നു പിന്തിരിപ്പിച്ചിരിക്കാം. അവന് അതിനുള്ള സമർപ്പണമോ ധ്യാനമോ ദൈവത്തോട് ഇല്ലായിരുന്നു. അവന്, തന്റെ വാഴ്ച്ച ഉറപ്പിച്ച് ആസ്വദിക്കുക എന്നതായിരുന്നു ഉന്നം - ആവശ്യമെങ്കിൽ, ആളുകൾക്ക് വേണ്ടി, തന്റെ അപ്പൻ ഉണ്ടാക്കിയ പരസ്യമായ വിഗ്രഹത്തെ നീക്കി, ചെറിയ മാറ്റം വരുത്തി ആളുകളെ സന്തോഷിപ്പിക്കാമെന്ന് വിചാരിച്ചുകാണും.

നമ്മോടും ക്രിസ്തീയ ജീവിതം സ്വീകരിക്കുവാൻ വിളിക്കപ്പെടുമ്പോൾ എടുക്കുന്ന തീരുമാനത്തിൽനിന്നും അകലെയായിരുന്നില്ല യെഹോരാമിന്റെ തീരുമാനവും. "ആ അസാമാന്യ മനുഷ്യൻ! എന്തുകൊണ്ട് അയാൾക്ക് ദൈവേഷ്ടം അനുസരിച്ചുകൂടായിരുന്നു? എന്ന് വാസ്തവത്തിൽ നമുക്ക് ചോദിക്കുവാൻ സാധ്യമല്ല. അവൻ അങ്ങനെ ചെയ്തിരുന്നുവെങ്കിൽ, അബ്രഹാമിനെ പോലെയുള്ള ഒരു വ്യക്തിയായി അവൻ തീരുമായിരുന്നു." നാം "നമ്മെ കുറിച്ച് ചിന്തിക്കാതെ വെറുതെ ആ പ്രസ്താവന നടത്തുന്നതു നിരർത്ഥകമായിരിക്കും. നാം ദൈവേഷ്ടം മാത്രം ചെയ്യുന്നവിധത്തിൽ നമ്മെ ദൈവത്തിന് ഏൽപിച്ചു കൊടുത്തിട്ടുണ്ടോ? നിബന്ധനകളില്ലാത്ത സമർപ്പണത്തിന് പകരം നാം എളുപ്പമുള്ള വഴിയാണോ എടുത്തിരിക്കുന്നത്?"

എല്ലാം ദൈവത്തിനു നൽകുന്നതിനു നാമും ആ മൂന്നു കുന്നുകൾ കയറണം. ആദ്യം നാം *പാരമ്പര്യത്തോടുള്ള ചായ്വ് ചാടിക്കടക്കണം.* ഇന്ന് പുതിയനിയമ ക്രിസ്ത്യാനിയാവുക എന്നാൽ നാമധേയവിഭാഗങ്ങളെ ത്യജിച്ച് ക്രിസ്തുവിന്റെ സഭയായി ജീവിക്കുക എന്നാണ്. ഒരു നാമധേയവിഭാഗവും ബൈബിളിൽ ഇല്ല, ദൈവം അതിനെ ആധികാരികമാക്കിയിട്ടുമില്ല. നാം അവന്റെ ശരീരമാകുവാനാണ് നമ്മോട് പറഞ്ഞിരിക്കുന്നത്. നാമധേയവിഭാഗങ്ങളുടെ അസാധാരണഘടന മതപരമായ ലോകത്തിൽ അവയുടെ പുതുമയും, പണവും, സ്വാധീന ശക്തിയും നോക്കുമ്പോൾ, നാം ഒറ്റപ്പെടും. പുതിയനിയമ സഭയായി സഞ്ചരിക്കുന്നവർ പലപ്പോഴും ഒറ്റക്കായിരിക്കും. അവനോ, അല്ലെങ്കിൽ അവൾക്കോ നാമധേയവിഭാഗങ്ങളിൽനിന്നു പ്രോൽസാഹനമൊന്നും ലഭിക്കുകയില്ല, കാരണം പുതിയനിയമ ക്രിസ്ത്യാനിത്വം നാമധേയവിഭാഗത്തെ ഖണ്ഡിക്കുന്നു.

രണ്ടാമത്, ദൈവത്തോടുള്ള പൂർണ്ണസമർപ്പണം *അലങ്കോലമെന്ന അസൗകര്യം* ആവശ്യപ്പെടും. നമുക്കു ചുറ്റുമുള്ള നാമധേയവിഭാഗങ്ങളെ ത്യജിക്കുമ്പോൾ, നാം മതപരമായ ലോകത്ത് അറിയപ്പെടാത്തവരായി തീരും. നാമധേയവിഭാഗങ്ങൾ ദൈവത്താൽ അംഗീകരിക്കപ്പെടാത്തവരും വചനവിരുദ്ധരുമാണെങ്കിലും, നമ്മെ അവർ ദയയില്ലാത്തവരും, ഇടുങ്ങിയ ചിന്താഗതിക്കാരുമായി കണക്കാക്കും. ഉപദേഷ്ടാക്കന്മാർ എല്ലാ പള്ളികളുടേയും മുൻപിൽ പോയി നാമധേയവിഭാഗങ്ങൾ വിട്ടു - പുതിയനിയമ ക്രിസ്ത്യാനികൾ മാത്രമാകുവാൻ  പുറത്തുകടക്കുവാൻ അപേക്ഷിച്ചാൽ - അവർക്കിടയിൽ ഉണ്ടാകുവാനിടയുള്ള സംഭ്രാന്തിയും കുഴപ്പവും ഒന്നാലോചിക്കുക! എല്ലാം

തുടച്ചുനീക്കി ആളുകളെ ദൈവത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ യെഹോരാം ശ്രമിച്ചിരുന്നുവെങ്കിൽ, ദൈവേഷ്ടത്തിന് കീഴ്പ്പെടുമ്പോൾ കലാപം പൊട്ടിപ്പുറപ്പെട്ടേക്കാം! പ്രശാന്തമായ അനുസരണത്തിനു മുൻപ് തന്നെ കുഴപ്പം നേരിട്ടേക്കാം. പുതിയനിയമസഭ അതിന്റെ നൈർമ്മല്യത്തോടുകൂടി എവിടെ പുനരാരംഭിക്കുവാൻ ശ്രമിച്ചാലും ആ ബുദ്ധിമുട്ട് നേരിടേണ്ടിവരും.

മൂന്നാമത്, നമ്മുടെ *നോട്ടം പിൻവലിക്കേണ്ടതായി* വരും. സാധാരണ, നമ്മെ ഉറ്റുനോക്കുന്ന സമ്മർദ്ദം നമ്മെ ക്രിസ്തുവിൽനിന്നകറ്റും, അടുപ്പിക്കുകയില്ല. എല്ലാം-വിട്ടുകൊണ്ടുള്ള സമർപ്പണം ശരാശരി ക്രിസ്ത്യാനി പോലും എതിർക്കും. പതിനാറുവയസിൽ ക്രിസ്ത്യാനി മാത്രമായിത്തീരുവാൻ ആഗ്രഹിച്ച ഒരു പെൺകുട്ടിയെ എനിക്ക് അറിയാം. ക്രിസ്തുവിനോട് ചേരുവാൻ സ്നാനപ്പെട്ട്, പൂർണ്ണമായി അനുസരിച്ച സന്തോഷത്തോടെ അവൾ തന്റെ വീട്ടിലേക്ക് പോയി. സംഭവിച്ചത് അവൾ തന്റെ മാതാപിതാക്കളോട് പറഞ്ഞപ്പോൾ, “നീ എന്തിനാണ് അത് ചെയ്തത്?” എന്ന ചോദ്യവുമായി അവളെ ശകാരിക്കയാണുണ്ടായത്. എത്ര ഹൃദയഭേദകമാണ് അത്! ക്രിസ്തുവിനോടുകൂടിയുള്ള അവളുടെ ജീവിതം വീട്ടിൽ ഏകാകിനിയായി നേരിട്ടുകൊണ്ടിരിക്കുന്നു. അവളുടെ ക്രിസ്തീയ നടപ്പിൽ, പ്രിയപ്പെട്ടവരിൽനിന്ന് അവൾക്ക് യാതൊരു പ്രോൽസാഹനവും കിട്ടിയിട്ടില്ല. സഭയും സഭയുടെ സ്നേഹത്തോടുകൂടിയുള്ള കൂട്ടായ്മയുമില്ലായിരുന്നുവെങ്കിൽ അവൾക്ക് അത്തരം നിരുൽസാഹത്തോടുകൂടി നിലനിൽക്കുവാൻ കഴിയുമായിരുന്നില്ല.

ആ വിധത്തിലുള്ള പ്രയാസങ്ങളും പ്രതിസന്ധികളും നമുക്ക് മുൻപിൽ വരുമ്പോൾ, “ദൈവത്തോട് വ്യക്തിപരമായ ഒരു ചെറിയ സമർപ്പണം എടുക്കുന്നതിൽ എനിക്ക് കുഴപ്പമൊന്നുമില്ല. ബാലിന്റെ ചെറിയ ഒരു വിഗ്രഹം ഞാൻ ഉടച്ചുകളയാം. ദൈവേഷ്ടം പൂർണ്ണമായും നടപ്പാക്കുവാൻ എനിക്ക് സാധ്യമല്ല, എന്റെ സ്നേഹിതന്മാരുടെ ബഹുമാനം കളയുവാൻ ഞാൻ താൽപര്യപ്പെടുന്നില്ല. ഞാൻ എന്തിനാണ് ഒരു മതഭ്രാന്തനാകുന്നത്? എങ്ങനെയായാലും, ബൈബിളിലേക്ക് തിരിച്ചുപോകുകയും എല്ലാം കർത്താവിനുവേണ്ടി വിട്ടുകളയുകയും ചെയ്യുന്നത് കുറച്ച് കടന്ന കൈയാണ്! കൂടാതെ, നാമധേയവിഭാഗങ്ങൾ വളരെ നല്ല പ്രവർത്തികൾ ചെയ്യുന്നുണ്ടല്ലോ! അവരെല്ലാം അത്ര മോശക്കാരല്ലല്ലൊ. തിരുവെഴുത്തുകളെ മാത്രം പിൻപറ്റുവാനായി പറയുമ്പോൾ അവരോട് തർക്കിക്കുകയല്ലേ ചെയ്യുന്നത്. അതിനാൽ അവരെ അവരുടെ വഴിക്ക് വിട്ടിട്ട്, ഞാൻ എന്റെ ചെറിയ സമർപ്പണത്തിൽ കഴിയും.” അത് പരിചയമുള്ളതായി തോന്നുന്നില്ലേ?

## ഉപസംഹാരം

യെഹോരാമിന്റെ പ്രാരംഭ തീരുമാനം നമ്മളിൽ ചിലരുടെ തീരുമാനം പോലെയാണ്. അല്ലേ? അവൻ തിരഞ്ഞെടുത്ത തീരുമാനം, നമുക്ക് എടുക്കാതിരിക്കാം. ഒരു പടി മാത്രം കയറി നിൽക്കുന്നതിനുപകരം, നമുക്ക് തുടർന്നു നടന്നു പോകാം - ക്രിസ്തു എന്താണോ അർത്ഥമാക്കിയത്, എവിടേക്കാണോ നയിക്കുന്നത്, അത് പ്രശ്നമായി കാണാതെ ക്രിസ്തു ആവശ്യപ്പെട്ടതുപോലെ നമുക്ക് നടക്കാം.

യെഹോരാം വാസ്തവത്തിൽ ദൈവത്തെ പിൻപറ്റിയിരുന്നുവെങ്കിൽ, അവൻ അനുഗ്രഹിക്കപ്പെടുമായിരുന്നു. ഈസെബേൽ അവനെ പ്രോൽസാഹിപ്പിക്കുമായിരുന്നില്ല, ദേശം മാറ്റം വരുത്തിയതിനു പരാതിപ്പെടുകയും, അവനെ

വിമർശിക്കയും ചെയ്യുമായിരുന്നു. എങ്ങനെയായാലും, ദൈവം അപ്പോൾ അവനെ അംഗീകരിക്കുകയും ദൈവത്തിനുവേണ്ടി ജീവിച്ച മറ്റു ഏഴായിരം പേരുടെ പിന്തുണയും അവനു ലഭിക്കുമായിരുന്നു. അങ്ങനെ അവനു തന്റെ ജീവിതത്തിൽ ദൈവത്തിന്റെ ശക്തിയും ബലവും കാണുവാനും കഴിയുമായിരുന്നു. യേശുക്രിസ്തു മടങ്ങിവരുന്നതുവരെ അവന് ലോകത്തിൽ നീതിയുടെ ഓർമ്മയും പൈതൃകവും നിലനിർത്തുവാൻ കഴിയുമായിരുന്നു. അതെ, യെഹോരാം ദൈവത്താൽ അനുഗ്രഹിക്കപ്പെടുമായിരുന്നു!

ആ വാഗ്ദാനങ്ങളെല്ലാം നമുക്കും ഉള്ളതാണ്. നിങ്ങൾ വിശ്വസ്തമായി അവന്റെ കൽപനകൾ പ്രമാണിച്ചു ജീവിക്കുവാൻ തീരുമാനിക്കുമോ? ഒരു യഥാർത്ഥ ക്രിസ്ത്യാനിയാകുവാൻ ധൈര്യം കാണിക്കുക! അതെ നിങ്ങൾ ഉപദ്രവിക്കപ്പെടും (2 തിമൊഥെയൊസ് 3:12). നിങ്ങൾ ചെയ്യുന്നത് നിങ്ങളുടെ സ്നേഹിതന്മാർ മനസിലാക്കണമെന്നില്ല. എന്നാൽ ദൈവത്തിനുള്ളവർ നിങ്ങളോടൊപ്പമുണ്ടാകും. ദൈവത്തെ നിങ്ങൾ അറിയുകയും, അവൻ നിങ്ങളെ അറിയുകയും ചെയ്യും. നിങ്ങൾക്ക് കയ്യടി ലഭിക്കുന്നത്, മനുഷ്യരിൽനിന്നാകയില്ല, സ്വർഗത്തിൽനിന്നായിരിക്കും. നിങ്ങൾ സമൂഹത്തിനു നൽകുന്ന മാതൃക വിലയുള്ളതും കഴിവതും അർത്ഥവത്തും ആയിരിക്കും. അവൻ ആവശ്യപ്പെടുന്നതുപോലെ നിങ്ങൾ ജീവിക്കയും, അവന്റെ വാഗ്ദാനമനുസരിച്ച് നിങ്ങളെ സംരക്ഷിക്കുകയും ചെയ്യും. അവൻ നിങ്ങൾക്ക് നിത്യജീവനും നൽകും. നിങ്ങളുടെ ഉയർച്ചക്ക് അവൻ ഉത്തരവാദിയായിരിക്കും. നിങ്ങൾക്ക് മുൻപിൽ *വരുന്ന* അഗ്നിപരീക്ഷ*യിൽനിന്നു* അവൻ നിങ്ങളെ വിടുവിക്കും. ക്രിസ്തു രക്തം കൊടുത്ത് നിരപ്പാക്കിയ ക്രിസ്തീയ പാതയിൽ കൂടെ നിങ്ങൾ നടക്കുമ്പോൾ, നിങ്ങളോടുകൂടെ കുറച്ചു പേർ കാണും.

തിരഞ്ഞെടുപ്പ് നിങ്ങളുടേതാണ്:നാം യേശുവിനെ പിൻപറ്റുമോ അതോ യെഹോരാമിനെ പിൻപറ്റുമോ?

**പഠിക്കേണ്ട പാഠം:**
**നടന്നില്ലെങ്കിൽ ആദ്യപടി**
**കയറുന്നതുകൊണ്ട് ഒരു ഫലവുമില്ല.**

---

### *നായകനായ ഏലീശാ*

ഏലിയാവിൽനിന്നു വളരെ വ്യത്യസ്തനായിരുന്ന ഏലീശായിൽനിന്നും നമുക്ക് പഠിക്കാം. ദൈവത്തിനുവേണ്ടി നായകനായിരുന്ന ഏലീശയെ കുറിച്ച് 2രാജാക്കന്മാർ നമ്മോട് പറയുന്നു.

- പിൻപറ്റുന്നവൻ എങ്ങനെയായിരിക്കണമെന്ന് അവൻ അറിഞ്ഞു (2:1–8).
- കുറഞ്ഞ ജോലി ചെയ്യുവാൻ അവൻ മടിച്ചില്ല (3:11).
- ധനവാന്മാരേയും ദരിദ്രരേയും അവൻ ഒരുപോലെ കണ്ടു (4:1–37).
- പശ്ചാത്തലം സൂക്ഷിക്കേണ്ടത് എപ്പോഴെന്ന് അവൻ മനസിലാക്കി (5:1–27).
- ദൈവത്തിൽ അവൻ പൂർണ്ണമായി ആശ്രയിച്ചിരുന്നു (6:15–17).
- തന്റെ ജനത്തെ കുറിച്ച് അവൻ കരുതിയിരുന്നു (8:12).

*ദ കംപാക്റ്റ് സർവേ ഓഫ് ദ ബൈബിൾ*
ജോൺ ബാൽചിൻ

കുറിപ്പുകൾ

[1]ഡിക്ക് മർസിയർ, *സെൻട്രൽ ഹെറാൾഡ്*, സെൻട്രൽ ചർച്ച് ഓഫ് ക്രൈസ്റ്റ്, അമരില്ലോ, ടെക്സ്. [2]"യെഹോരാം" എന്നത് ചിലപ്പോൾ ചുരുക്കി "യോരാം" എന്നു പറഞ്ഞിട്ടുണ്ട്. [3]ഒരുപക്ഷെ, മറ്റൊരുഭാഗത്ത്, രാജാക്കന്മാരുടേയും മോവാബ്യരുടേയും കാഴ്ച്ചക്കപ്പുറത്ത് ദൈവം ശക്തമായ മഴ പെയ്യിക്കുകയും മലഞ്ചെരുവുകൾക്കിടയിലുള്ള അരുവികളിലൂടെ അവരുണ്ടാക്കിയ രാജാക്കന്മാർക്കും ശത്രുക്കൾക്കും ഇടയിലുള്ള കിടങ്ങുകളിലേക്ക് വെള്ളം ഒഴുകി വന്നതാകാം. എവിടെ മഴ ആവശ്യമായി വന്നോ അവിടെയാണ് പെയ്തത്, പെയ്ത സമയവും അത്ഭുതകരമായിരുന്നു. [4]മൂന്നു രാജാക്കന്മാരുടെ കയ്യാൽ ദേശത്തിന് പൂർണ്ണമായ തോൽവി സംഭവിക്കാതിരിപ്പാൻ മേശാ തന്റെ മൂത്ത മകനെ യാഗം കഴിച്ച വിവരം മോവാബ്യ കല്ലിൽ ഇല്ലായിരുന്നു. താൻ യിസ്രായേലിനെ തോൽപിച്ചു എന്ന പൊങ്ങച്ചമായിരുന്നു മേശാ കല്ലിൽ എഴുതിയിരുന്നത്. മൂന്നു രാജാക്കന്മാരും മേശയെ വിട്ടുപോയി എന്നതു വാസ്തവമാണ്, പക്ഷെ മേശാ യിസ്രായേലിനെ തോൽപിച്ചു എന്നതു സത്യവിരുദ്ധമാണ്. [5]ദൈവത്തിന്റെ സത്യം ബോധ്യമാക്കുവാൻ യെഹോരാമിനു പല അവസരങ്ങളും ലഭിച്ചിരുന്നു: കർമ്മേൽ പർവ്വതത്തിൽ ഏലിയാവും ബാലിന്റെ പ്രവാചകന്മാരും തമ്മിൽ മൽസരം നടന്നപ്പോൾ അവൻ സന്നിഹിതനായിരിക്കാം (1 രാജാക്കന്മാർ 18), ഇല്ലെങ്കിൽ അതു കേട്ടിരിക്കാം. ഏലീശാ പ്രവാചകൻ നയമാനോട് ഏഴു പ്രാവശ്യം യോർദ്ദാൻ നദിയിൽ മുങ്ങുവാൻ പറഞ്ഞു സൗഖ്യമാക്കിയതും അറിഞ്ഞു കാണും (2 രാജാക്കന്മാർ 5). ശമര്യയെ ഉപരോധിക്കുമെന്ന ഏലീശയുടെ വിശ്വസ്തമായ പ്രവചനവും കേട്ടിരിക്കും (2 രാജാക്കന്മാർ 6:24-7:20). ഈ കാര്യങ്ങളും മറ്റു സംഭവങ്ങളും തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. യെഹോരാമിന്റെ വാഴ്ച്ചക്കാലത്ത് ഏലീശയുടെ ദീർഘ ശുശ്രൂഷയുണ്ടായിരുന്നു. അവൻ ഇടക്കിടക്ക് സത്യദൈവത്തിന്റെ സത്യത്തെ കേട്ടിരിക്കും തീർച്ച. [6]ഈ ചിത്രീകരണങ്ങൾ ബെനോസ്ക്കിയുടെ "ദ പോയിന്റ് ഓഫ് നോ റിട്ടേൺ" എന്ന പ്രസംഗത്തിൽനിന്നെടുത്തതാണ് (വില്യം എസ്. ബനോസ്കി, ദ ഗ്രെയിറ്റ് പ്രീ ച്ചേഴ്സ് ഓഫ് ടുഡേ സീരീസ് അബിലീൻ, ടെക്സ്.: ബിബിളിക്കൽ റിസേർച്ച് പ്രസ്, 1967, 108).